**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 510 03.03.2020-ലെ മറുപടിയ്ക്ക്

**കിക്കോഫ് ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കിക്കോഫ് ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി വിശദീകരിക്കാമോ; | (എ) | ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേക്ക് കൂടി വ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) | ഇതുപ്രകാരം മലപ്പുറം ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളുടെ പേര് വിവരങ്ങൾ | (ബി) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ രാജാസ് ജി.എച്ച്.എസ്സ്.എസ്സ്, മാനവേദൻ ജി.എച്ച്.എസ്.എസ്, നിലമ്പൂർ എന്നീ |

| | | | |
|---|---|---|---|
| | വെളിപ്പെടുത്താമോ; | | കേന്ദ്രങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | ഫുട്ബോളിൽ ദേശീയ-അന്തർദേശീയ താരങ്ങളെ വാർത്തെടുക്കുകയും ധാരാളം പ്രതിഭകളുള്ളതുമായ മലപ്പുറം മണ്ഡലത്തിലെ ജി.വി.എച്ച്.എസ്.എസ്. അരിമ്പ്ര, എം.എസ്.പി.എച്ച്.എസ്.എസ്. മലപ്പുറം എന്നീ വിദ്യാലയങ്ങളെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താമോ? | (സി) | ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ